(9) കാട്ടാനകൾക്ക് വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ജലത്തിനായി ജനവാസ കേന്ദ്രങ്ങളിലേക്കിറങ്ങാതിരിക്കുന്നതിനുമായി കല്ലറ റെയ്ഞ്ചിലും മേപ്പാടി റെയ്ഞ്ചിലുമായി 5 ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്.

(10) ശല്യക്കാരായ കരങ്ങുകളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള ലാബ് ലക്കിടിയിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(ബി) (1) NABARD-RIDF-VII പദ്ധതിയിൽപ്പെടുത്തി സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനായി 66.77 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു ചെലവഴിച്ചിട്ടില്ല.

(2) ശല്യക്കാരായ കരങ്ങുകളെ കൂട് വച്ച് പിടികൂടി ഉൾക്കാട്ടിൽ വിടുന്നതിനും, കരങ്ങുകളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള ലാബ് നിർമ്മാണത്തിനുമായി 6.98 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 4.88 ലക്ഷം രൂപ ചെലവഴിച്ചു.

(3) കൃഷി സ്ഥലങ്ങളിൽ ഇറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിനായി വാച്ചർമാരെ നിയോഗിക്കാൻ 5.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3.3 ലക്ഷം രൂപ ചെലവഴിച്ചു.

(സി) മേപ്പാടി റെയ്ഞ്ചിൽ 23 കി. മീ., കല്ലറ റെയ്ഞ്ചിൽ 14 കി.മീ. (ആകെ 37 കി.മീ.) സൗരോർജ്ജ വേലി നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വനം വകുപ്പിന് കീഴിലുള്ള സൊസൈറ്റികൾ

288 (290) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള സ്ഥലത്ത് സഹകരണ മേഖലയിൽ വനോൽപ്പന്നങ്ങൾ വിപണനം നടത്തുന്ന എത്ര സൊസൈറ്റികൾ പ്രവർത്തിച്ച് വരുന്നു ; അവ എവിടെയൊക്കെ ;

(ബി) ഇത്തരം സൊസൈറ്റികൾക്ക് നിശ്ചിത സ്ഥലങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് വന ഉല്പന്നങ്ങൾ വനശ്രീയെക്കാളും വിലക്കുറവിൽ വിപണനം നടത്താനാവുമെങ്കിൽ ഗവൺമെന്റ് നേരിട്ട് നടത്തുന്ന വനശ്രീകൾക്ക് അതിന് സാധിക്കാത്തതിനുള്ള കാരണം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം സ്ഥാപനങ്ങൾ കൊമേഴ്യൽ ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽപ്പെടുമോ ; എങ്കിൽ ഇതിലൂടെ വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതിന്റെ കാരണം എന്താണ്; ഇത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ കർശനമായും വിലവിവരപ്പട്ടിക സത്വരം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളിൽ വനോൽപ്പന്നങ്ങൾക്ക് ശേഖരണാനുമതി നൽകിയിട്ടുള്ള പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങളുടെയും ബന്ധപ്പെട്ട വനം റെയ്ഞ്ചുകളുടെയും വിവരം അനുബന്ധം 1 * ആയി ചേർക്കുന്നു.

(ബി) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ശിപാർശ ചെയ്യുന്ന പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങൾക്കാണ് വനം റെയ്ഞ്ചുകൾ അനുവദിച്ചു നൽകുന്നത്.

(സി) പ്രാദേശികമായി ശേഖരിക്കുന്ന തടിയിതര വനോൽപ്പന്നങ്ങൾ ഗുണനിലവാരം ഉറപ്പാക്കി മൂല്യവർദ്ധന നടത്തിയാണ് വനശ്രീ കേന്ദ്രങ്ങളിൽ വില്പന ചെയ്യുന്നത്. വനശ്രീ കേന്ദ്രങ്ങൾ നടത്തുന്നത് വന വികാസ ഏജൻസികളിലെ അംഗങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ്. ഗുണ നിലവാരത്തിന്റെയും, മൂല്യവർദ്ധനയുടെയും അടിസ്ഥാനത്തിലാണ് വനശ്രീ ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത്.

(ഡി) വനശ്രീ കേന്ദ്രങ്ങൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വന വികാസ ഏജൻസികളിലെ അംഗങ്ങളായ വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് നടത്തുന്നത്. ഇത് സമൂഹത്തിന്റെ സംരംഭമായതിനാൽ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്യൽ ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. സർക്കാരിന്റെ പങ്കാളിത്ത വനപരിപാലന നയത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടിട്ടുള്ള വന സംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ രൂപീകരണത്തിനും ശാക്തീകരണത്തിനും സർക്കാർ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. വനശ്രീ കേന്ദ്രങ്ങൾ നടത്തുന്നതിന് ഗവൺമെന്റ് പ്രത്യേക ഇളവുകൾ നൽകുന്നില്ല. ഈ കേന്ദ്രങ്ങളിൽ ഉൽപന്നങ്ങളുടെ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വില വിവരപ്പട്ടിക വനശ്രീ വിപണന കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

വനശ്രീ വിപണന കേന്ദ്രങ്ങൾ

289 (291) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: ,

(എ) സംസ്ഥാനത്ത് വനശ്രീ വിപണന കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് ; ഇവയുടെ ഘടന വിവരിക്കാമോ ; ഇവയുടെ നിയന്ത്രണം ആർക്കാണെന്നറിയിക്കുമോ ;

(ബി) ഇവയിലൂടെ വിപണനത്തിനാവശ്യമായ ഉല്പന്നങ്ങൾ സമാഹരിക്കുന്ന രീതി വിശദമാക്കുമോ ;

(സി) ഇതിൽ പൂർണ്ണമായും സുതാര്യത ഉറപ്പാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത വിപണന കേന്ദ്രങ്ങളിലെ ഉല്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽനിന്ന് ഇതേ മേഖലയിലെ മറ്റ് വിപണന സ്ഥാപനങ്ങളെക്കാൾ ഉയർന്ന വില ഈടാക്കുന്നതായ വിവരം ഗൗരവമായി പരിശോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ 23 വന വികാസ ഏജൻസികളിൽ പ്രവർത്തിച്ചുവരുന്നു. (ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു). അതാത് വന വികാസ ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ ചുമതലയിലാണ് വനശ്രീ വിപണന കേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നത്.

വനവാസികളിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി സ്റ്റാളുകൾ വഴി വിറ്റുവരുന്നു. വനവികാസ ഏജൻസികളുടെ കീഴിൽ വരുന്ന വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ നിയന്ത്രണത്തിൽ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ വിഭാഗങ്ങളിലായി വനശ്രീ പ്രവർത്തിക്കുന്നു.

(ബി) അതാത് വനസംരക്ഷണ സമിതി/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളിലെ ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനോൽപ്പന്നങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly